**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4530** **29-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് തടയുവാനും സംരക്ഷിക്കാനുമുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെയും ഇതര ക്ഷേത്രങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ക്ഷേത്രങ്ങളിലെ ഭൂമി, സ്വർണ്ണം, വെള്ളി, പഞ്ചലോഹമുൾപ്പെടെയുള്ള സ്ഥാവരജംഗമസ്വത്തുക്കൾ നഷ്ടപ്പെടുന്നതും മോഷണം പോകുന്നതും സംരക്ഷകരാൽ തന്നെ അന്യാധീനപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ക്ഷേത്രങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ നഷ്ടപ്പെടുന്നതും മോഷണം പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | ഇത്തരം പ്രവൃത്തികളിലൂടെ ക്ഷേത്രങ്ങളുടെ സ്വത്ത് അന്യാധീനപ്പെടുന്നത് തടയുവാനും അവ സംരക്ഷിക്കാനും സർക്കാർ നേതൃത്വം ഉറപ്പുവരുത്താനുമായി ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകത പരിഗണിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ദേവസ്വം ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കുന്നതിനുമായി തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ ലാൻഡ് കൺസർവ്വൻസി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ദേവസ്വങ്ങളിൽ നിന്ന് അന്യാധീനമായി നഷ്ടപ്പെട്ട ഭൂമിയിൽ ദേവസ്വങ്ങളുടെ അവകാശം പുനഃസ്ഥാപിക്കുന്നതിനായി ഒരു ദേവസ്വം ട്രിബ്യൂണൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ